KERALA INSTITUTE OF
LOCAL ADMINISTRATION
An autonomous body constituted by the Government of Kerala

Ph : Off (0487) 2200244, 2201768.
2201061,2201403.
Guest House : 2201779.
Fax: (0487) 2201062.
E-mail : kila@md2.vsnl.net.in
mail@kilaonline.org
Website: www.kilaonline.org

കില/ടി പി(ബി)830/2013 9.11.2013

സ്വീകർത്താവ്
ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ

സർ,

വിഷയം: കുടിവെള്ളം- ശുചിത്വം- ഗ്രാമസഭാ/വാർഡ്സഭ മെമ്പർമാർക്കുള്ള പരിശീലനം- സംബന്ധിച്ച്

സൂചന: ഈ ഓഫീസിൽ നിന്നും 19.10.2013 തീയതിയിൽ അയച്ച കത്ത്

കുടിവെള്ളം, ശുചിത്വം, മാലിന്യപരിപാലനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനവ്യാപകമായി ഗ്രാമസഭ/വാർഡ്സഭ തലത്തിൽ നടത്താനുദ്ദേശിക്കുന്ന പരിശീലന പരിപാടിയുടെ ബ്ലോക്ക്തല റിസോഴ്സ് പേഴ്സൺമാർക്കുള്ള സംസ്ഥാനതല പരിശീലനം കിലയിൽ നടന്നു വരികയാണ്. വളരെ നല്ല പങ്കാളിത്തമാണ് എല്ലാ ജില്ലകളിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഈ പരിശീലന പരിപാടിയുടെ അടുത്ത ഘട്ട പരിശീലനം തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷൻമാർ സെക്രട്ടറിമാർ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺമാർ (ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 7 പേർ വീതം, നഗരസഭകളിൽ നിന്ന് 7 പേർ വീതം) എന്നിവർക്കുള്ള ബ്ലോക്ക്തല പരിശീലനമാണ്. 2013 നവംബർ 13 മുതൽ 23 വരെയുള്ള തീയതികളിലായാണ് ബ്ലോക്ക്തല പരിശീലനങ്ങൾ നടക്കുന്നത്. താങ്കളും താങ്കളുടെ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുള്ളവരും പങ്കെടുക്കേണ്ട ബ്ലോക്ക്തല പരിശീലനത്തിന്റെ തീയതിയും സ്ഥലവും മറ്റ് വിശദാംശങ്ങളും ബ്ലോക്ക് കോഓർഡിനേറ്റർ താങ്കളെ നേരിട്ട് ബന്ധപ്പെട്ട് അറിയിക്കുന്നതാണ്.

ബ്ലോക്ക്തല പരിശീലനത്തിൽ താങ്കളും സെക്രട്ടറിയും താങ്കളുടെ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുറിസോഴ്സ് പേഴ്സൺമാരും നിർബന്ധമായും പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു. ഏതെങ്കിലും കാരണവശാൽ താങ്കൾക്ക് പങ്കെടുക്കാൻ കഴിയാതെ വന്നാൽ വൈസ് പ്രസിഡന്റിനെ/ വൈസ് ചെയർമാനേയും സെക്രട്ടറിക്ക് പങ്കെടുക്കാൻ കഴിയാതെ വന്നാൽ അസിസ്റ്റന്റ് സെക്രട്ടറിയയോ /സൂപ്രണ്ടിനെയോ പങ്കെടുപ്പിക്കുവാൻ ശ്രമിക്കുമല്ലോ.

ബ്ലോക്ക്തല പരിശീലനത്തിന് ശേഷം നടക്കേണ്ട തദ്ദേശഭരണസ്ഥാപനതല പരിശീലനത്തിന് വേണ്ട ഏർപ്പാടുകൾ ചെയ്തു കാണുമല്ലോ. ഈ മാസം 25 നും അടുത്തമാസം 7 നും ഇടക്ക് പ്രസ്തുത പരിശീലന നടക്കേണ്ടതാണ്. തദ്ദേശഭരണസ്ഥാപനതലത്തിൽ സംഘാടക സമിതി ഇതിനകം രൂപീകരിച്ചു കാണുമല്ലോ. വാർഡ്തല പരിശീലനങ്ങൾ വിജയിപ്പിക്കാൻ വേണ്ട എല്ലാ ശ്രമവും ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഡയറക്ടർ